# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5715 — 18.11.2019 - ൽ മറുപടിക്ക്.

## റേഷൻ വിതരണ നടപടികൾ

ചോദ്യം | മറുപടി

**ശ്രീ. യു. ആർ. പ്രദീപ് :**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ)** ഇ-പോസ് വഴി റേഷൻ വിതരണം ആരംഭിച്ചതിനുശേഷം ശരാശരി ഒരു മാസത്തെ റേഷൻ വിതരണം എത്ര ശതമാനമാണ്; വ്യക്തമാക്കുമോ;

**(എ)** ശരാശരി 86.94% കാർഡുടമകൾ റേഷൻ വാങ്ങുന്നുണ്ട്.

| വർഷം | മാസം | ശതമാനം |
|---|---|---|
| 2018 | മെയ് | 84.35 |
| | ജൂൺ | 84.70 |
| | ജൂലൈ | 86.09 |
| | ആഗസ്റ്റ് | 92.21 |
| | സെപ്റ്റംബർ | 88.01 |
| | ഒക്ടോബർ | 87.22 |
| | നവംബർ | 85.38 |
| | ഡിസംബർ | 87.66 |
| 2019 | ജനുവരി | 85.55 |
| | ഫെബ്രുവരി | 84.88 |
| | മാർച്ച് | 87.16 |
| | ഏപ്രിൽ | 85.65 |
| | മെയ് | 83.44 |
| | ജൂൺ | 87.13 |
| | ജൂലൈ | 88.73 |
| | ആഗസ്റ്റ് | 88.92 |
| | സെപ്റ്റംബർ | 88.93 |
| | ഒക്ടോബർ | 88.99 |
| | **ശരാശരി** | **86.94** |

| | |
|---|---|
| **(ബി)** നൂറ് ശതമാനം റേഷൻ വിതരണം നടത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; | **(ബി)** റേഷൻ വിഹിതം സംബന്ധിച്ച അറിയിപ്പുകൾ എസ്.എം.എസ്. മുഖേനയും പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നൽകുന്നുണ്ട്. civilsupplieskerala.gov.in എന്ന പോർട്ടൽ മുഖേനയും പ്രസ്തുത വിവരം ലഭ്യമാണ്. |
| **(സി)** മൂന്ന് മാസമോ അതിലധികമോ റേഷൻ വാങ്ങാതെ വന്നാൽ റേഷൻ കാർഡ് റദ്ദ് ചെയ്യുന്ന നടപടി സ്വീകരിച്ച് വരുന്നുണ്ടോ; അറിയിക്കുമോ; | **(സി)** ഇല്ല. എന്നാൽ തുടർച്ചയായി മൂന്നു മാസം റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളെ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നുണ്ട്. |
| **(ഡി)** കേരളം വിട്ട് ഇതര സംസ്ഥാനങ്ങളിൽ പോകേണ്ടി വരുന്നവരുടെ അപേക്ഷ പ്രകാരം സസ്പെന്റ് ചെയ്യപ്പെടുന്ന റേഷൻ കാർഡ് അവർ തിരിച്ചുവരുമ്പോൾ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | **(ഡി) യും (ഇ) യും** റേഷൻ കാർഡ് സസ്പെൻഡ് ചെയ്യുന്ന സംവിധാനം നിലവിലില്ല. ഇതര സംസ്ഥാനങ്ങളിൽ പോകുകയാണെങ്കിൽ Give up റേഷൻ കാർഡ് എന്ന സംവിധാനം വഴി റേഷൻ ഉപേക്ഷിക്കാവുന്നതാണ്. തിരികെയെത്തുന്ന മുറയ്ക്ക് (ആറു മാസത്തിനു ശേഷം മാത്രം) വിഹിതം തിരികെ ലഭിക്കുന്നതിനും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. |
| **(ഇ)** ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**